പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1028

28.042017-ൽ മറുപടിക്ക്

## വെള്ളായണിക്കായൽ പരിസരത്തെ കൈയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) വെള്ളായണിക്കായൽ പരിസരത്തെയും മറ്റും എത്ര അളവ് ഭൂമിയാണ് ഭൂമാഫിയകൾ നികത്തി കൈയ്യേറിയിട്ടുള്ളത്; | (എ) വെള്ളായണിക്കായൽ പുറമ്പോക്കിൽ ഭൂമാഫിയകൾ നികത്തി കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കായൽ സർവ്വെ ചെയ്തതിൽ 33 കേസുകളിലായി 77.11 ആർ ഭൂമി കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) വിവിധ രാഷ്ട്രീയ-റിയൽ എസ്റ്റേറ്റ് മാഫിയകൾ കൈയ്യേറിയ കായൽക്കര തിരിച്ച് പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ;; | (ബി) വെള്ളായണിക്കായൽ പുറമ്പോക്കിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) എത്ര ഏക്കർ ഭൂമി/കായൽ കൈയ്യേറ്റം നടന്നിട്ടുള്ളതെന്ന കണക്ക് ഗവൺമെന്റിന്റെ പക്കലുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (സി) 77.11 ആർ കായൽ പുറമ്പോക്കിൽ കയ്യേറ്റം നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ